പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 965 — 20.3.2013 ലെ മറുപടിക്ക്

## കാഞ്ഞിരംപാറ കോളനി മാതൃകാ പട്ടികജാതി സങ്കേതമായി വികസിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ കാഞ്ഞിരംപാറ കോളനി മാതൃകാ പട്ടികജാതി സങ്കേതമായി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ കാഞ്ഞിരംപാറ കോളനിയെ മാതൃക കോളനിയാക്കുന്നതിനുള്ള വിവിധ വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സർക്കാർ ഏജൻസി തയ്യാറാക്കി നൽകിയത് പരിശോധിച്ചു വരുന്നു. |
| (ബി)പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇവിടെ ഏതൊക്കെ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടത്തുന്നത്; | (ബി) | പ്രസ്തുത കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഭവന പുനരുദ്ധാരണം<br>2) റോഡ് വർക്കുകൾ<br>3) ഡ്രെയിനേജ്<br>4) ഭവനനിർമ്മാണം<br>5) ലൈബ്രറി<br>6) മാലിന്യ നിർമ്മാർജ്ജനം-ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.<br>7) വരുമാനദായക പദ്ധതികൾ |
| (സി)പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് ഏത് ഏജൻസിയാണ്; | (സി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ. |
| (ഡി)പ്രോജക്ടുകളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |

| | | |
|---|---|---|
| ഇ)പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കാനാകുമോയെന്ന് അറിയിക്കുമോ? | (ഇ) | ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.